ഉത്തരം

(എ) ആന്റ് ബി) ആലപ്പുഴയിലെ കെ.എസ്.ഡി.പി. കമ്പനിയെ ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് (എച്ച്.എൽ.എൽ.) ഏറ്റെടുക്കുന്നതിനായി കരട് ധാരണാപത്രം വയ്ക്കുന്നതിന് സർക്കാർ അനുമതി നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് ധാരണാപത്രം സർക്കാർതലത്തിൽ പരിശോധിച്ചുവരികയുമാണ്. ഇത് സംബന്ധിച്ച് അന്തിമ തീരുമാനം വൈകാതെ ഉണ്ടാകുന്നതാണ്.

'സിൽക്ക്'-ന്റെ ഓഫീസ് സീൽ ചെയ്ത നടപടി

3 [466] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ അത്താണിയിലെ 'സിൽക്ക്'-ന്റെ കോർപ്പറേറ്റ് എം.ഡി.-യുടെ ഓഫീസ് പ്രോവിഡന്റ് ഫണ്ട് കുടിശ്ശിക അടക്കാത്തതിനാൽ സീൽ ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 'സിൽക്ക്'-ന്റെ സ്ഥാപനങ്ങൾ കുടിശ്ശിക അടയ്ക്കാനുള്ള പി.എഫ്. സംഖ്യ എത്ര എന്ന് വ്യക്തമാക്കാമോ;

(ബി) തൊഴിലാളികളിൽ നിന്ന് പിരിച്ചെടുത്ത പി.എഫ് തുക അടയ്ക്കുന്നതിന് സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എറണാകുളം റീജിയണൽ പ്രൊവിഡന്റ് ഫണ്ട് കമ്മീഷണറുടെ ഉത്തരവനുസരിച്ച് സിൽക്ക് എം.ഡി.-യുടെ ഓഫീസ് പ്രൊവിഡന്റ് ഫണ്ട് അധികാരികൾ 11-1-2005-ന് സീൽ ചെയ്തിരുന്നു. ബഹു. ഹൈക്കോടതിയിൽ നിന്ന് സിൽക്ക് സമ്പാദിച്ച വിധിയുടെ അടിസ്ഥാനത്തിൽ 19-1-2005-ന് പ്രസ്തുത നടപടി പിൻവലിച്ചു, ഓഫീസ് പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്.

(ബി) സിൽക്ക്-ന്റെ കോർപ്പറേറ്റ് ഓഫീസും വിവിധ യൂണിറ്റുകളും കൂടി ആകെ 2.21 കോടി രൂപയോളം 1998-99 മുതലുള്ള പി.എഫ്. കുടിശ്ശിക അടയ്ക്കുവാനുണ്ട്.

(സി) കമ്പനിയുടെ ഇന്നത്തെ സാമ്പത്തിക സ്ഥിതി അനുസരിച്ച് ഈ തുക കമ്പനിക്ക് അടയ്ക്കുവാൻ പ്രയാസമുള്ളതിനാൽ സാമ്പത്തിക സഹായത്തിനായി സർക്കാരിനെ സമീപിച്ചിട്ടുണ്ട്. വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

പുതുശ്ശേരി വ്യവസായ മേഖലയിൽ പാർട്സ്പിൻ കമ്പനി

4 [467] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് പുതുശ്ശേരി വ്യവസായ മേഖലയിലെ നൂൽ ഉൽപ്പാദിപ്പിക്കുന്ന പാർട്സ്പിൻ കമ്പനിയിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly